# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4230 27/06/2013 ൽ മറുപടിക്ക്

### സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം

**ചോദ്യം**

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
'' കെ. എം. ഷാജി
'' സി. മോയിൻകുട്ടി
'' എൻ. എ. നെല്ലിക്കുന്ന്

**ഉത്തരം**

ശ്രീ.പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി

എ) സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, എന്ന് മുതൽ അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു;

ബി) അതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

എ) & ബി) 1 മുതൽ 8 വരെയുള്ള കുട്ടികൾക്ക് 2013-14 അക്കാഡമിക വർഷം മുതൽ (എ.പി.എൽ ആൺകുട്ടികൾ ഒഴികെ) യൂണിഫോം വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി പൊതു വിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സി) ഇക്കാര്യത്തിലെ പൊതു വികാരമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

സി) സർക്കാർ എയിഡഡ് സ്കൂളുകളിൽ സൗജന്യ യൂണിഫോം നൽകുന്നതിനോട് അദ്ധ്യാപക സംഘടന പ്രതിനിധികളുടെയും, സ്കൂൾ മാനേജ്മെന്റുകളുടെയും അനുകൂല പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്.

ഡി) സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോം നൽകുന്നതിനുള്ള ചെലവ് കണക്കാക്കിയിട്ടുണ്ടോ ?

ഡി) 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗത്തിലെ ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുന്നതിനുള്ള ചെലവിന് ഗവൺമെന്റ് സ്കൂൾ വിദ്യാർത്ഥികൾക്ക് എസ്.എസ്.എ ഫണ്ടിൽ നിന്ന് 33.74 കോടി രൂപയും എയിഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാന

സർക്കാർ 80 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യമായി യൂണിഫോം നൽകുന്നതിന് ഏകദേശം 139 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു.

സെക്ഷൻ ഓഫീസർ